# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1104 — 28/4/2017 -ലെ മറുപടി

## നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.ആൻസലൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 40 വർഷത്തിലധികം പഴക്കമുള്ള എസി പൈപ്പുകൾ മാറ്റി പുതിയ പി.വി.സി. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; പൈപ്പ് ലൈൻ മാറ്റുന്നതിന് ടെൻഡർ നടപടി സ്വീകരിച്ചോ; | (എ) നെയ്യാറ്റിൻകര നഗരസഭ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള പഴക്കമുള്ള എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. |
| (ബി) മേൽപ്പറഞ്ഞ പണികൾ 2017-18 വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമോ; | (ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. |
| (സി) കാളിപാറ കുടിവെള്ള പദ്ധതിയുടെ പൈപ്പ് ലൈൻ നെയ്യാറ്റിൻകര ടൌണിലെ റെയിൽവേ ഓവർബ്രിഡ്ജിൽ കൂടി കടത്തിക്കൊണ്ട് പോകുന്നതിന് റെയിൽവേയുടെ അനുമതി ലഭിച്ചോ;ഇല്ലായെങ്കിൽ ഇതിനായി മറ്റ് നടപടികൾ സ്വീകരിക്കാൻ കഴിയുമോ? | (സി) ഇല്ല.<br>അനുമതിയ്ക്കായി റെയിൽവേ അതോറിറ്റിയുമായി സൂപ്രണ്ടിംഗ് എഞ്ചിനീയർ നിരന്തരം ബന്ധപ്പെട്ടു വരുന്നു. എന്നാൽ പാത ഇരട്ടിപ്പിക്കൽ നടക്കുന്ന സമയത്ത് പരിഗണിക്കാമെന്നാണ് റെയിൽവേ അധികൃതർ അറിയിച്ചിരിക്കുന്നത്. മറ്റ് നടപടികളൊന്നും തന്നെ ഈ സാഹചര്യത്തിൽ സ്വീകരിക്കാൻ കഴിയാത്തതുകൊണ്ട് അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

JSK/